## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3061** **07.11.2019 -ൽ മറുപടിയ്ക്ക്**

## പൊതു വിദ്യാലയങ്ങളിലെ പാചകതൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.ആർ. രാമചന്ദ്രൻ** | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ പാചക തൊഴിലാളികളുടെ വർദ്ധിപ്പിച്ച പുതിയ വേതനനിരക്ക് എന്നു മുതലാണ് നിലവിൽ വന്നതെന്നും ഇപ്പോൾ എത്ര രൂപയാണ് ഒരാൾക്ക് വേതനം ലഭിക്കുന്നതെന്നും വിശദമാക്കുമോ; | (എ) സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പ്രകാരം സ്കൂൾ പാചക തൊഴിലാളികളുടെ കുറഞ്ഞ വേതനത്തിൽ 01/04/2017 മുതൽ 50/- രൂപയുടെയും 01/04/2019 മുതൽ വീണ്ടും 50/- രൂപയുടെയും വർദ്ധനവ് വരുത്തിയത് പ്രകാരം നിലവിൽപാചക തൊഴിലാളികളുടെ കുറഞ്ഞവേതനം 500 രൂപയും പരമാവധി വേതനം 575 രൂപയുമാണ്. |
| ബി) വർദ്ധിപ്പിച്ച നിരക്കിന്റെ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കുടിശ്ശിക വിതരണത്തിന് കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കുമോ; എത്രയും വേഗം കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) വർദ്ധിപ്പിച്ച നിരക്കിന്റെ കുടിശ്ശിക വിതരണം ചെയ്തിട്ടില്ല. അടിയന്തിരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| സി) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പാചകതൊഴിലാളികൾക്ക് ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; അറിയിക്കാമോ? | സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ